മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സൂപ്രീസിന്റെ പൊതു താൽപര്യത്തെ മുൻനിറുത്തിയാണു് സാധാരണ സ്ഥലമാറ്റങ്ങൾ നടത്തുന്നതു്. സ്ഥലമാറ്റം കൊടുക്കുമ്പോൾ താഴെ പറയുന്ന അദ്ധ്യാപകർക്കു് പ്രത്യേക പരിഗണന നൽകാറുണ്ടു്.

1. പെൻഷൻ പറ്റാറായവർ.
2. വളരെക്കാലമായി സ്വദേശംവിട്ടു ജോലി ചെയ്യുന്നവർ.
3. അവിവാഹിതകളായ സ്ത്രീകൾ.
4. വേറിട്ടു താമസിക്കുന്ന ദമ്പതികൾ.
5. ജവാന്മാരുടെ അടുത്ത ബന്ധുക്കൾ.

(ബി, സി) സാധാരണയായി അദ്ധ്യയനവർഷത്തിന്റെ പ്രാരംഭത്തിൽ മാത്രമേ സ്ഥലമാറ്റം നടത്താറുള്ളൂ. അതുകൊണ്ടു് അപൂർവമായേ അദ്ധ്യാപകന്മാർ ഒരു സ്കൂളിൽ ചുരുങ്ങിയതു് ഒരു കൊല്ലമെങ്കിലും പ്രവർത്തിയെടുക്കുന്നതാണു്. പ്രമോഷൻ മുതലായ കാരണത്താൽ മാറ്റങ്ങൾ അത്യാവശ്യമായി വരുമ്പോൾ സ്കൂളുകളിൽ അദ്ധ്യയനത്തിനു് ആവുന്നതും തടസ്സം വരാത്തവിധത്തിലാണു് സ്ഥലംമാറ്റം അദ്ധ്യയനവർഷത്തിൽ നടത്താറുള്ളതു്.

(ഡി) 12-11-1963-ൽ സ്ഥലം മാറിയിട്ടുണ്ടു്.

(ഈ) 19-11-1963-ൽ വിദ്യാഭ്യാസ ഡയറക്ടർ സ്ഥലമാറ്റ ഉത്തരവു് റദ്ദുചെയ്യുകയുണ്ടായി.

(എഫ്) കുട്ടികളുടെ പഠിത്തത്തിനു് തടസ്സമുണ്ടാകുമെന്നുള്ള നിവേദനത്തെ തുടർന്നാണു് സ്ഥലമാറ്റം റദ്ദാക്കിയതു്.

(ജി) ഇല്ല.

(എച്ചു്, ഐ) ഉദിക്കുന്നില്ല.

സ്പിന്നിംഗ്മില്ലുകൾ

* 885. [9] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര സ്പിന്നിംഗ്മിൽ മില്ലുകൾക്കു് ലൈസൻസ് കൊടുത്തിട്ടുണ്ടു്;

(ബി) ടി ലൈസൻസ് അനുസരിച്ചു് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതുസംബന്ധിച്ചുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) പത്തായി 12 സ്പിന്നിംഗ് മില്ലുകൾ തുടങ്ങുന്നതിനുള്ള ലൈസൻസു ലഭിച്ചിട്ടുണ്ടു്.

(ബി) വിവരങ്ങളടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്, *

അടിമക്കച്ചവടം.

* 886. [13] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ അടിമക്കച്ചവടം നടക്കുന്നുണ്ടെന്നുള്ള ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചുവോ;

(ബി) അന്വേഷണത്തിന്റെ ഫലം എന്താണു്?

Appendix VI

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു)

(എ) അന്വേഷിച്ചു.

(ബി) അന്വേഷണത്തിൽ അടിമക്കച്ചവടം നടക്കുന്നുണ്ടെന്നുള്ള ആരോപണം അടിസ്ഥാനരഹിതമെന്നുകണ്ടു.

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു്.

* 887. [19] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു റീ ഓർഗനൈസു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്കായി എന്തെല്ലാം നടപടികളാണു് എടുത്തിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും ഗവണ്മെന്റിലേക്കു് സമർപ്പിക്കുന്നതിനു് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടു്.

UNSTARRED QUESTION AND ANSWER

ട്രാൻസ്പോർട്ടു ബസ്സു് സർവ്വീസു്.

113 [16] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം—തൃശ്ശൂർ Via കാലടി റൂട്ടിൽ ട്രാൻസ്പോർട്ടു ബസ്സു് ഓടിയ്ക്കുന്നതിനുവേണ്ടി നോട്ടിഫൈചെയ്ത മാസങ്ങളും അനവധി കഴിഞ്ഞിട്ടും ഇതേവരെ സർവ്വീസു് നടത്താത്തതിന്റെ കാരണമെന്താണു്:

(ബി) ഈ റൂട്ടിൽ എന്നുമുതൽ ബസ്സോടിച്ചുതുടങ്ങുമെന്നു് പറയാമോ?

ഉത്തരം

(എ) പ്രാഥമിക നോട്ടിഫിക്കേഷൻ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. അതിനെതിരായി പ്രൈവറ്റു ബസ്സുടമകളും ഗവണ്മെൻറിൽ ബോധിപ്പിച്ചിട്ടുള്ള ആക്ഷേപങ്ങളും കേട്ടുകഴിഞ്ഞിട്ടില്ല.

(ബി) തല്ക്കാലം പറയുവാൻ സാദ്ധ്യമല്ല.

BUSINESS OF THE HOUSE

Complaint Re. Supply of written Answers

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഇന്നലെ ഇവിടെ 29 ചോദ്യങ്ങൾക്കു ഉത്തരം പറഞ്ഞു. ഇന്നലെ ഞങ്ങൾക്കു തന്നതു് 29
9 A. M.] ചോദ്യങ്ങളും അച്ചടിച്ചിട്ടുള്ള പുസ്തകമായിരുന്നു. അതിനു മുഴുവൻ ഇവിടെ ഉത്തരം പറഞ്ഞു. എന്നാൽ ഇവിടത്തെ ലൈബ്രറിയിൽ വച്ചിരുന്ന ഉത്തരങ്ങളുടെ കെട്ടിൽ വെറും 10 ചോദ്യങ്ങൾക്കുള്ള ഉത്തരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതു സാധാരണ നടന്നുവരികയാണു്. ഇതിനുവേണ്ട നടപടി എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അതിനെസംബന്ധിച്ചു വേണ്ടതു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly